പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 287 — 07.10.2016 ലെ മറുപടിയ്ക്ക്

# മലയോര മേഖലയിലെ കൃഷി നാശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.കെ.എം.ഷാജി | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

(എ) ഫലഭൂയിഷ്ഠമായിരുന്ന മലയോര മേഖലയിൽ കൃഷി നാശം ആവർത്തിച്ചുണ്ടാകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് കൃഷി വകുപ്പ് പഠനമെന്തെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഈ മേഖലയിൽ മണ്ണിന്റെ മൂല്യശോഷണം കൃഷി നാശത്തിനു കാരണമാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എ) & (ബി) ഉണ്ട്.
കോഴിക്കോട് ജില്ലയിലെ മലയോരമേഖലയിലെ കൃഷിനാശം സംബന്ധിച്ച് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിലേയും കൃഷി വകുപ്പിലേയും വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു പഠനം നടത്തിയിട്ടുണ്ട്. ഈ പഠനമനുസരിച്ചുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു.
മണ്ണിന്റെ ആരോഗ്യവും ഫലഭൂയിഷ്ഠതയും നിലനിർത്തുന്നതിനായി സോയിൽ ഹെൽത്ത് മാനേജമെന്റ് & പ്രൊഡക്ടിവിറ്റി ഇംപ്രൂമെന്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.മണ്ണിന്റെ ഫലഭൂയിഷ്ഠത പരിശോധിക്കുന്നതിന് മണ്ണുപരിപോഷണ കാർഡുകൾ നൽകി വരുന്നു. സൂക്ഷ്മ മൂലകങ്ങളുടെ അഭാവമുള്ള പ്രദേശങ്ങളിൽ ആവശ്യമായ സഹായങ്ങൾ നൽകി വരുന്നു. കൂടാതെ ഫലഭൂയിഷ്ഠിയുള്ള മേൽ മണ്ണ് സംരക്ഷിക്കുന്നതിനുള്ള മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്.

(സി) ഈ മേഖലയിലെ പ്രധാന വിളയായ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

(സി) ഇത്തരം മേഖലകളിലെ സമഗ്ര നാളികേര കൃഷി വികസനത്തിനായി കേരഗ്രാമം പദ്ധതിയ്ക്കായി 4500 ലക്ഷം രൂപ വകയിരുത്തുകയും സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് തിരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

സെക്ഷൻ ഓഫീസർ